## ചീനംവീട് നോർത്ത് ജെ.ബി. സ്കൂൾ

കരിമ്പനപ്പാലം

## ഒന്നാം ക്ലാസ്സ്

# പടവുകൾ

## സംയുക്ത ഡയറി പ്രകാശനം



# ചീനംവീട് നോർത്ത് ജെ.ബി. സ്കൂൾ

കരിമ്പനപ്പാലം



# പടവുകൾ

സ്റ്റാന്റേർഡ് 1
ഒന്ന്

# ആമുഖം

2023–24 വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഒന്ന് രണ്ട് ക്ലാസിലേക്ക് നൂതനആശയം എന്ന നിലയിൽ അവതരിപ്പിച്ച ആശയങ്ങളിൽ പ്രധാനപ്പെട്ട വയായിരുന്നു സചിത്ര സംയുക്ത ഡയറി.ഈ പദ്ധതിയെകുറിച്ച് അധ്യാപക പരിശീലനത്തിൽ ക്ലാസ് ലഭിക്കുകയും അത് പ്രാവർത്തികമാക്കാനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്തു.ആദ്യ ഘട്ടത്തിൽ രക്ഷിതാക്കളും കുട്ടികളും ചേർന്നുള്ള ഡയറി എഴുത്തും ചിത്രങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എഴുത്തുകളുമാണ് ഉണ്ടായിരുന്നത്.പിന്നീട് കുട്ടികളുടെ എഴുത്ത് സ്വതന്ത്ര രചനയിലേക്ക് മാറി.രക്ഷിതാക്കളുടെ ഭാഗത്ത് നിന്ന് നല്ല പ്രതികരണമാണ് ലഭിക്കുന്നത്.കുട്ടികൾക്ക് ഭാഷാ വികസനത്തിന് ഏറെ പ്രയോജനമാണ് ഡയറി എഴുത്ത്.

കുട്ടികളുടെ സംയുക്ത ഡയറിയിൽ നിന്നും എടുത്ത ചില ഭാഗങ്ങൾ ചേർത്ത് തയ്യാറാക്കിയ പടവുകൾ എന്ന ഈ പതിപ്പ് നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു.

## അവതാരിക

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്നാം ക്ലാസുകാർ മാതൃഭാഷയിൽ നേടിയ മികവിന്റെ തെളിവാണ് ഈ കുഞ്ഞെഴുത്ത് ഡയറി.ഓരോ കുട്ടിയും അവന്റെ പ്രായത്തിലുപരി സ്വയം ഭാഷ കൈകാര്യം ചെയ്യാൻ ഈ സംയുക്ത ഡയറി എഴുത്തിലൂടെ സ്വായത്തമാക്കി.വരയിലൂടെ താൻ കണ്ടറിഞ്ഞതും മനസ്സിലുള്ളതുമായ ചിത്രങ്ങൾ ഡയറിയിൽ പതിപ്പിക്കാൻ അവർക്ക് സാധിച്ചു.ഇതിനായി നമ്മുടെ കുഞ്ഞുങ്ങളെ സജ്ജമാക്കിയ ഒന്നാം ക്ലാസിലെ അധ്യാപികയ്ക്കും മാതാപിതാക്കൾക്കും കുഞ്ഞുമക്കൾക്കും എന്റെ സ്നേഹാഭിനന്ദനങ്ങൾ

സി.കെ. സിങ്കി
ഹെഡ്മിസ്ട്രസ്
ചീനംവീട് നോർത്ത് ജെ.ബി. സ്കൂൾ



ദേവസൂര്യ

10-7-2023

ഞാൻ ഇന്ന് രാവിലെ എണീറ്റു.കുറേ ദിവസത്തെ മഴയ്ക്കു ശേഷം ഇന്ന് നല്ല തെളിഞ്ഞ ആകാശം ആയിരുന്നു.സ്കൂളിൽ പോയി. പഠിച്ചു കൂട്ടുകാരോടൊപ്പം കളിച്ചു.

30-7-2023

ഇന്ന് രാവിലെ നേരത്തെ എണീറ്റു. ഞാൻ അമ്മയുടെ വീട്ടിൽ ആയിരുന്നു.വീട്ടിൽ ഒരുപാട് പേരുണ്ടായിരുന്നു. ഞാനും മാമനും ഏട്ടനും മാമിയും കടപ്പുറം പോയി. ഞണ്ടുകൾ കിട്ടി. നല്ല രസമുണ്ടായിരുന്നു കടൽ കാണാൻ. ഞാൻ കടലിൽനിന്ന് കളിച്ചു.

2-8-2023

ഞാൻ ഇന്ന് രാവിലെ എണീറ്റു. അച്ഛനും അമ്മയും ഞാനും ബാങ്കിൽ പോയി.ഞാനും അച്ഛനും കൂടിയാണ് സ്കൂളിൽ പോയത്.ടീച്ചർ മഴയുടെ പാട്ടുകൾ പഠിപ്പിച്ചു തന്നു. നല്ല രസമുണ്ടായിരുന്നു പാട്ടുകൾ.

5-8-23

ഇന്നലെ രാത്രി ഞാനും അമ്മയും അച്ചനും ഏട്ടനും ഗുരുവായൂർ അമ്പലത്തിൽ പോയി. ബസ്സിലായിരുന്നു പോയത്. പുലർച്ചെ ഞങ്ങൾ അവിടെ എത്തി.കുളിച്ചുമാറ്റി അമ്പലത്തിൽ പോയി.ഞങ്ങൾ ഫോട്ടോ എടുത്തു.പിന്നീട് ഞങ്ങൾ മലമ്പുഴ ഡാമിൽ പോയി.അവിടെ കാണാൻ നല്ല രസമുണ്ടായിരുന്നു. ഞാനും അമ്മയും റോപ്പ്‌വേയിൽ കയറി. എനിക്ക് പേടിയൊന്നും തോന്നിയില്ല.

10-9-2023

ഞാൻ രാവിലെ എഴുന്നേറ്റത് വയനാട്ടിലാണ്.നല്ല തണുപ്പുണ്ടായിരുന്നു.കാട്ടിന്റെ ഉള്ളിൽ കൂടിയാണ് ഞങ്ങൾ പോയത്. മനോഹരമായ ഒരു യാത്രയായിരുന്നു അത്.ഞങ്ങൾ പോകുന്ന വഴിക്ക് ആന, മാൻ, കാട്ടുപോത്ത് എന്നിവയെ കണ്ടു.പിന്നീട് ഞങ്ങൾ ഒരു വെള്ളച്ചാട്ടം കണ്ടു.

ദേവസൂര്യ













വാമിക

19-8-2023
ഇന്ന് രാവിലെ എഴുന്നേറ്റപ്പോൾ എനിക്ക് മുട്ടു വേദനിച്ചു.അമ്മ എനിക്ക് മുറിവെണ്ണ പുരട്ടിത്തന്നു. അച്ഛന്റെ കൂടെ കടയിൽ പോയി. പഴവും മിഠായിയും വാങ്ങി.വീട്ടിൽ നിന്ന് മിഠായി തിന്നു.ചിത്രം വരച്ചു കളർ കൊടുത്തു. അട തിന്നു പഠിച്ചു.

27-8-2023
രാവിലെ എഴുന്നേറ്റപ്പോൾ ഒരു തത്തയെ കണ്ടു.ഞാനും ചേച്ചിയും കളിച്ചു.പായസം കുടിച്ചു. അച്ഛൻ ജോലി കഴിഞ്ഞ് വരുമ്പോൾ മിഠായി കൊണ്ടുവന്നു.ഞങ്ങൾ മിഠായി തിന്നു. അമ്മ എനിക്ക് പഠിപ്പിച്ചുതന്നു.

29-8-2023
ഇന്ന് ആന്റിയും മാമിയും വീട്ടിൽ വന്നു.അവർ വരുമ്പോൾ മിഠായി കൊണ്ടുവന്നു.ഞങ്ങൾ മിഠായി തിന്നു.ചിക്കനും കൂട്ടി ചോറ് തിന്നു.വൈകുന്നേരം പുഴക്കരയിലേക്ക് പോയി.പരിപാടി കണ്ടു.തോണി കണ്ടു.

1-9-2023
രാവിലെ അമ്മ എന്നെ വിളിച്ചുണർത്തി.ഇന്ന് ദോശയും ചട്നിക്കറിയുമായിരുന്നു ചായക്ക്.ഞാനും ചേച്ചിയും മഞ്ഞൾ കല്യാണത്തിന് പോയി ബിരിയാണിയും ചോറും ചിക്കൻകറിയും തിന്നു.അവിടെ നിന്ന് അവനിയെ കണ്ടു.ഐസ്ക്രീം തിന്നു.

4-9-2023
ഇന്ന് സ്കൂളിൽ പോയി.എനിക്ക് ടീച്ചർ ഡയറിയിൽ സ്റ്റാർ തന്നു.ആലിയ ചേച്ചി മിഠായി തന്നു.ടീച്ചർ കഥ പറഞ്ഞുതന്നു. വീട്ടിൽ വന്ന് വർക്ക് ചെയ്തു.ചിത്രം വരച്ചു.നിറം കൊടുത്തു.മിഠായി തിന്നു.

വാമിക













വൈഗ സബീഷ്

11-9-23 തിങ്കൾ
ഇന്ന് വൈകുന്നേരം ഞങ്ങളെല്ലാവരും ജിനി മൂത്തയുടെ കുഞ്ഞിനെ കാണാൻ പോയി.എനിക്കും ഏട്ടനും എല്ലാ വിഷയത്തിലും എ ഗ്രേഡ് കിട്ടിയതുകൊണ്ട് ഡ്രീം കേക്കും ഫാൻസി സാധനങ്ങളും വാങ്ങിത്തന്നു.

30-10-23 തിങ്കൾ
ഇന്ന് എന്റെ കൂട്ടുകാരി വാമിക വന്നിട്ടില്ലായിരുന്നു.വൈകുന്നേരം ചെറിയ മഴ ഉണ്ടായിരുന്നു.വലിയ ഇടിയും ഉണ്ടായിരുന്നു.അമ്മ കുട ചൂടിയാണ് എന്നെ കൂട്ടാൻ വന്നത്.ഏട്ടൻ മാഗി വാങ്ങി വന്നു.ഞങ്ങൾ അത് രുചിയോടെ കഴിച്ചു.

19-11-2023
ഇന്ന് പുറങ്കര അമ്പലത്തിൽ കൊടിയേറ്റമായിരുന്നു.ഞങ്ങൾ എല്ലാവരും പോയിരുന്നു.പ്രഭാത ഭക്ഷണം കഴിച്ചാണ് അമ്പലത്തിൽ നിന്ന് അമ്മാമവീട്ടിൽ അവരോടൊപ്പം പോയത്.കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ കരിമ്പനപ്പാലം വീട്ടിലേക്ക് പോയി.ഞാനും ഏട്ടനും കളിച്ചു.

5-12-2023
ഇന്ന് ടീച്ചർ കഥ കാണിച്ചു തന്നു.മുത്തശ്ശി കഥയായിരുന്നു.രണ്ട് പാട്ടുകൾ പാടി തന്നു.ഞാൻ സ്കൂൾ വിട്ട് വരുമ്പോൾ അച്ഛമ്മ വീട്ടിൽ ഉണ്ടായിരുന്നില്ല.എനിക്ക് സങ്കടമായി.പിന്നെ ഞാൻ പഠിച്ചു. കുറച്ച് ടി.വി.യും കണ്ടു.ഭക്ഷണം കഴിച്ചു.കിടന്നുറങ്ങി.

25-12-2023
ഇന്നലെയായിരുന്നു നടോൽ അമ്പലത്തിൽ തിറ.ഞങ്ങൾ സദ്യയ്ക്ക് അമ്പലത്തിൽ പോയി.മുത്തപ്പന്റെ തിറയും കലശം വരവും കണ്ടിട്ടാണ് മടങ്ങിയത്.അവിടെ നിന്ന് മുത്തപ്പന്റെ പ്രസാദവും കഴിച്ചു.കൂടാതെ ഐസ്ക്രീമും കളിപ്പാട്ടവും വാങ്ങി.മാമിയുടെ വീട്ടിൽ നിന്ന് ബിരിയാണിയും കഴിച്ചാണ് വീട്ടിൽ പോയത്.

1-1-2024
ഇന്ന് ഞാൻ ടീച്ചർക്ക് ആശംസാ കാർഡ് കൊടുത്തു.ഗിഫ്റ്റ് കൈമാറി.എനിക്ക് കളർപെൻസിലാണ് കിട്ടിയത്.ക്ലാസിൽ കേക്ക് മുറിക്കൽ ഉണ്ടായിരുന്നു. ഉച്ച ഭക്ഷണം നെയ്ചോറും കോഴിക്കറിയുമായിരുന്നു.


വൈഗ സബീഷ്













വൈദേഹി

<u>31-12-2023 ഞായർ</u>
ഇന്ന് ഞാൻ രാവിലെ 7.30ന് പല്ല് തേച്ചു.ചായ കുടിച്ചു. കുളിച്ചു. പഠിച്ചു. പുറത്തുപോയി.അമ്മ വന്നു. കേക്ക് മുറിച്ചു. പുറത്ത് പോയി.വലിയച്ഛൻ വന്നു. ആന്റി വന്നു. ഉടുപ്പ് വാങ്ങി. ഉടുപ്പിട്ടു. ചായ കുടിച്ചു. ടി.വി. കണ്ടു. ആന്റി പോയി. കല്യാണത്തിന് പോയി. തിരിച്ചു വീട്ടിലേക്ക് പോയി. ഉറങ്ങാൻ കിടന്നു.

<u>4-1-2024 വ്യാഴം</u>
ഇന്ന് ഞാൻ 7.30 ന് എണീറ്റു. പ്രഭാത കൃത്യം കഴിഞ്ഞു. ഭക്ഷണം കഴിച്ചു. സ്കൂളിൽ അച്ചൻ വന്നു. പേപ്പർ വാങ്ങി. സചീത്ര പാഠപുസ്കത്തിൽ എഴുതി.പാൽ കുടിച്ചു.ക്ലാസിൽ പോയി പഠിച്ചു. ഇംഗ്ലീഷ് നോട്ടിൽ എഴുതി. ചോറ് തിന്നു. കളിച്ചു. ക്ലാസിൽ പോയി പഠിച്ചു. വണ്ടി വന്നു. വീട്ടിൽ പോയി. കളറടിച്ചു. കളിച്ചു.

<u>8-1-2024 ചൊവ്വ</u>
ഇന്ന് ഞാൻ രാവിലെ എഴുന്നേറ്റു.കുളിച്ചു. സ്കൂളിൽ പോയി. സചിത്ര പാഠ പുസ്തകത്തിൽ എഴുതി. മലയാളം നോട്ടിൽ എഴുതി. കണക്ക് നോട്ടിൽ എഴുതി. പാല് കുടിച്ചു. വൈഗയുടെ ഒപ്പം കളിച്ചു. ക്ലാസിൽ പോയി. പഠിച്ചു. കളിച്ചു. വണ്ടി വന്നു. വീട്ടിൽ പോയി.

വൈദേഹി











സിയാൻ

25-7-2023 ചൊവ്വ
മഴയായതുകൊണ്ട് സ്കൂൾ അവധിയായിരുന്നു. എനിക്ക് ഇന്ന് പുറത്തിറങ്ങാൻ കഴിഞ്ഞില്ല.

17-10-2023 ചൊവ്വ
ഇന്ന് ഞാൻ സ്കൂളിൽ നിന്നും വന്നപ്പോൾ എന്റെ വീടിന്റെ മുറ്റത്ത് ഒരു മയിലിനെ കണ്ടു.

27-10-2023 വെള്ളി
ഇന്ന് ഞാനും അമ്മയും മഞ്ചേരിയിൽ കല്യാണത്തിന് പോയി. ഉച്ചയ്ക്കായിരുന്നു എത്തിയത്.ഞാൻ റോഡ് റോളറെ കണ്ടു.പുതിയ റോഡ് കണ്ടു. പാലവും പുഴകളും കണ്ടു. റബ്ബർ മരത്തോട്ടങ്ങൾ കണ്ടു. ഈ കാഴ്ചകളെല്ലാം കണ്ട് യാത്ര തുടർന്നു.6 മണിക്ക് വീട്ടിൽ എത്തി.


5-12-2023 ചൊവ്വ
ഇന്ന് വൈകുന്നേരം ബെല്ലടിച്ചു. ഐലാൻ സ്കൂളിൽ നിന്നു വീണു. ചുണ്ടു മുറിഞ്ഞു. ടീച്ചർ ഉപ്പിന്റെ വെള്ളം വെച്ചുകൊടുത്തു. ഐലാന്റെ ജീപ്പ് വന്നു. ജീപ്പ് പോയി. ഞാൻ സ്കൂളിൽനിന്നും വീട്ടിൽ വന്നു.


1-1-2024 തിങ്കൾ
ഇന്ന് പുതുവർഷം. അവധിക്കുശേഷം സ്കൂൾ തുറന്നു. ഇന്നെല്ലാ കൂട്ടുകാരും നല്ല സന്തോഷത്തിൽ ആയിരുന്നു. ഗിഫ്റ്റ് കൈമാറി, കേക്ക് മുറിച്ചു. ടീച്ചർ ക്ലാസ്സെടുത്തു. കൂട്ടുകാരൊടൊത്ത് കളിച്ചു. ബിരിയാണിയും ചിക്കനും കഴിഞ്ഞു.


സിയാൻ











ആത്മയ് ദക്ഷ്

11-9-2023

ഇന്ന് ടീച്ചർ മഞ്ചാടി കൊണ്ട് എണ്ണാൻ പഠിപ്പിച്ചു. കണക്ക് പെട്ടെന്ന് മനസിലായി. ഇന്ന് ഞങ്ങൾക്ക് പുതിയ പുസ്തകം കിട്ടി. ഞാൻ ചിത്രം നോക്കി. ടീച്ചർ പഠിപ്പിച്ചു. കളിച്ചു. വണ്ടി വന്നു. നിപയെപറ്റി ടി.വി.യിൽ വാർത്ത കേട്ടു.

12-9-2023

ഇന്ന് സ്കൂളിൽ പോയി. ഇന്ന് സ്കൂളിൽ വാഴ കുല വെട്ടി. ഇന്ന് ടീച്ചർ പഠിപ്പിച്ചു. കമ്പ്യൂട്ടർ ക്ലാസിന് പോയി. കൂട്ടുകാരോടൊപ്പം കളി ച്ചു. വണ്ടിയിൽ പോകുമ്പോൾ സിങ്കി ടീച്ചർ കേക്ക് വാങ്ങി തന്നു.

13-9-2023

ഇന്ന് മാസ്ക് ഇട്ടിട്ടാണ് ക്ലാസിൽ പോയത്. കുന്നിക്കുരുകൊണ്ട് എണ്ണം പഠിപ്പിച്ചു. സചിത്ര നോട്ടിൽ എഴുതി. ഹോം വർക്കു തന്നു. ടീച്ചർ ഇന്നൊരു ഗെയിം കളിപ്പിച്ചു. വണ്ടി വന്നു.

30-9-23

ഇന്ന് നല്ല മഴയായിരുന്നു. കണക്കിൽ ഒന്നാം പാഠപുസ്തകം ഇന്ന് പഠിപ്പിച്ചു കഴിഞ്ഞു. പൂക്കളെപ്പറ്റിയും പൂമ്പാറ്റകളെപ്പറ്റിയും പഠിപ്പിച്ചു. തിരിച്ചുവരുമ്പോൾ നല്ല കാറ്റും മഴയും ഉണ്ടായിരുന്നു.എനിക്ക് പേടിയായി. അമ്മ എന്നെയും നോക്കി നിൽപുണ്ടായിരുന്നു.


11-10-2023

ഇന്ന് ടീച്ചർ കുന്നിക്കുരുകൊണ്ട് ഗെയിം കളിപ്പിച്ചു.സ്ലേറ്റിൽ എഴുതി. ഇംഗ്ലീഷ് നോട്ടിൽ ചിത്രം വരച്ചു. കളർ നൽകി. ഇന്നലെ മറന്നുവെച്ച എന്റെ പുസ്തകം തിരിച്ചുകിട്ടി.


ആത്മയ് ദക്ഷ്













നഥേൻ ആർ കാർത്തിക്

31-7-2023 തിങ്കൾ

ഇന്ന് ടീച്ചർ പുതിയ പാട്ട് പഠിപ്പിച്ചു. വൈകുന്നേരം മഴ പെയ്തു. അമ്മ സ്കൂളിൽ വന്നു. അച്ഛാച്ചൻ വാണിമേലിൽ നിന്നും ഞങ്ങളെ കാണാൻ വന്നു.

30-8-2023 ബുധൻ

ഇന്ന് ഞാനും അച്ഛനും അമ്മയും ആര്യനും വാണിമേലിൽ പോയി. അവിടെ ഓണപ്പരിപാടി ആയിരുന്നു. ഞാൻ കസേര കളിയിലും സുന്ദരിക്ക് പൊട്ട് തൊടലിലും പങ്കെടുത്തു.

5-10-23 വ്യാഴം

ഇന്ന് രാവിലെ ഞാൻ അച്ഛന്റെ കൂടെയാണ് സ്കൂളിൽ പോയത്. ഇന്ന് വൈഗയുടെ പിറന്നാൾ ആയിരുന്നു. എല്ലാവർക്കും കഥാപുസതകവും പെൻസിലും സമ്മാനമായി കിട്ടി.വൈകുന്നേരം അച്ഛനും അമ്മയും ആര്യനും സ്കൂളിൽ വന്നു.


30-19-23 തിങ്കൾ


ഇന്ന് സ്കൂളിൽ പോയി.അച്ഛനാണ് രാവിലെ എന്നെ കൊണ്ട്വിടുന്നത്.ഇന്ന് വൈകുന്നേരം മഴ പെയ്തു.

13-11-23 ശനി


ഇന്ന് സ്ളിൽ കേക്കുണ്ടായിരുന്നു.ക്ലസ്റ്റർ ഞങ്ങളുടെ സ്കൂളിനാണ് രണ്ടാം സ്ഥാനം കിട്ടിയത്.ഇന്നലെ രാത്രി അച്ഛൻ വന്നു. 8 മണിക്കാണ് എഴുന്നേറ്റത്. അച്ഛനെ അപ്പോഴും ഞാൻ കണ്ടിട്ടില്ല.

നഥേൻ ആർ കാർത്തിക്






9/1/2024



2/1/2024







മിർസാൻ

28-12-2023 ശനി
ഞാൻ രാവിലെ എഴുന്നേറ്റു.പ്രഭാത കൃത്യങ്ങൾ ചെയതു, ചായ കുടിച്ചു, ചെടി നനചപ്പു, വീട്ടുപറമ്പിൽ നിന്നും ചീര പറിച്ചു.ഉമ്മയ്ക്ക് കൊടുത്ത്. ആടിന് പിണ്ണാക്ക് കൊടുത്തു.

30-12-2023
ഞാൻ രാവിലെ എഴുന്നേറ്റു. ചായ കുടിച്ചു. പ്രഭാത കൃത്യങ്ങൾ ചെയ്തു. ചായ കുടിച്ചു. ഉമ്മാന്റെ കൂടെ ടൗണിലേക്ക് പോയി. പരിപാടി കണ്ടു. ജൂസ് കുടിച്ചു. ഗ്രൗണ്ടിലെ പരിപാടി കണ്ടു.

1-1-2024
ഞാൻ രാവിലെ എഴുന്നേറ്റു.പ്രഭാത കൃത്യങ്ങൾ ചെയ്തു. ചായ കുടിച്ചു. ഇന്ന് ന്യൂ ഇയർ ആയിരുന്നു.സ്കൂളിൽ പോയി. ഗിഫ്റ്റ് കൈമാറി. പായസം കുടിച്ചു.. സ്കൂൾ വിട്ടു. വീട്ടിലെത്തി. ഭക്ഷണം കഴിച്ചു.
രാത്രയി ഡാൻസ് കളിച്ചു.ഉറങ്ങി


5-1-2024
ഞാൻ രാവിലെ എഴുന്നേറ്റു. പ്രഭാദ കൃത്യങ്ങൾ ചോയ്തു. ചായ കുടിച്ചു. ചെടി നനച്ചു. ഉമ്മയെ പാത്രം കഴുകാൻ സഹായിച്ചു.ആടിന് പഴത്തോൽ കൊടുത്തു. സ്കൂൾ വാൻ വന്നു. സ്കൂളിൽ പോയി. പഠിച്ചു ബെല്ലടിച്ചു. കഞ്ഞി കുടിച്ചു.

9-1-2024
ഞാൻ രാവിലെ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ ചെയ്തു.ചായ കുടിച്ചു. യൂണിഫോം ഇട്ടു. സ്ലേറ്റിൽ എഴുതി.ആടിന് പഴത്തൊലി കൊടുത്തു. ഉമ്മയെ പാത്രം കഴുകാൻ സഹായിച്ചു. സ്കൂൾ വാൻ വന്നു.സ്കൂളിൽ പോയി പഠിച്ചു. ബെല്ലടിച്ചു. കഞ്ഞി കുടിച്ചു. ഉച്ചയായി ചോറു തിന്നു. കളിച്ചു. വൈകുന്നേരമായപ്പോൾ സ്കൂൾ വാൻ വന്നു. വീട്ടിലെത്തി.ഭക്ഷണം കഴിച്ചു. കളിച്ചു. രാത്രിയായി പഠിച്ചു. ഉറങ്ങി.

മിർസാൻ













ഐലാൻ

10-10-2023

ശനിയാഴ്ച അമ്മയും അച്ചനും കൂടി എനിക്ക് ടേബിൾ വാങ്ങിതന്നു. ഇപ്പോൾ ആ ടേബിളിൽ ഇരുന്നാണ് പഠിക്കാറ്. വൈകുന്നേരം കളരിയിൽ പോയി.

12-10-2023

ഇന്ന് അവനിയുടെ പിറന്നാളായിരുന്നു. ഞങ്ങൾക്കെല്ലാം പെൻസിലും റബ്ബറും തന്നു. വൈകീട്ട് കളരിയിൽ പോകുമ്പോൾ മഴവില്ല് കണ്ടു.

13-10-2023

ഇന്ന് അച്ഛൻ ഇല്ലായിരുന്നു. അമ്മയായിരുന്നു ഉള്ളത്. ഇന്ന് കളരിയിൽ പോകുമ്പോൾ മുന്നേട്ടൻ വന്നിരുന്നു വൈകീട്ട് മുന്നമ്മയും ബിയ്യച്ചനും വന്നു. മുന്നമ്മ രണ്ട് സെവൻഅപ്പ് കൊണ്ടുവന്നു.

18-10-23

ഇന്ന് എനിക്കും മുന്നേട്ടനും സ്കൂൾ ഇല്ലായിരുന്നു. കുപ്പിയിൽ മഞ്ചാടി നിറച്ചുവെച്ചു.അച്ഛന്റ കാൽ മുറിഞ്ഞു. ചോര വന്നു

31-1-2024


ഇന്നലെ വീട്ടിൽ അമ്മയില്ലായിരുന്നു.അച്ചൻ പത്തലും കറിയും ഉണ്ടാക്കി തന്നു.ഇന്ന് സ്കൂളിൽ അച്ഛനാണ് കൊണ്ടുവിട്ടത്.ഇന്ന് സ്കൂളിൽ പി.ടി.എ. ഉണ്ടായിരുന്നു.പരീക്ഷ പേപ്പർ കിട്ടി.


ഐലാൻ













അവ്നി

8-10-2023
ഇന്ന് രാവിലെ അച്ഛന്റെ കൂടെ പീടികയിൽ പോയി.അടുത്ത വീട്ടിൽ നിന്ന് റംമ്പൂട്ടാൻ പറിച്ചു.കുറേ വാഹനങ്ങൾ പോകുന്നത് കണ്ടു.

11-10-2023
ഞാൻ ഇന്ന് രാവിലെ അമ്മ വിളിച്ചപ്പോഴാണ് ഉണർന്നത്. എനിക്ക് ഇന്ന് നല്ല സന്തോഷമായിരുന്നു. അച്ഛന്റെ കൂടെ ബൈക്കിൽ പോയി. രാവിലെ ഏട്ടൻ എനിക്ക് കഥ പറഞ്ഞു തന്നു.

21-10-23
ഞാൻ ഇന്ന് അമ്മയുടെ വീട്ടിൽ പോയി ഞങ്ങൾ കുളത്തിൽ പോയി കുളിച്ചു.

3-1-2024
ഇന്നലെ സ്കൂൾ ഇല്ലായിരുന്നു. ഇന്ന് വീട്ടിൽ കൂടലിന് പോയി. ബിരിയാണി ആയിരുന്നു.അവിടെ നിന്ന് അച്ഛന്റെ കൂടെ ബൈക്കിൽ യാത്ര ചെയ്തു. നല്ല കാഴ്ച കണ്ടു. അവിടെ അടുത്ത വീട്ടിൽ നിന്ന് ഒരു നായ്കുട്ടിയെ കണ്ടു.


10-1-2024
വല്യച്ഛൻ ശബരിമലയിൽ നിന്നും വന്നപ്പോൾ എനിക്ക് വളയും നല്ല ഭംഗിയുള്ള മാലയും കൊണ്ടതന്നു. എനിക്ക് വളരെ സന്തോഷമായി. ഇന്നെന്റെ കൂട്ടുകാരി ആപ്പിൾ കൊണ്ടതന്നു.


അവ്നി













ആദിവ് എസ്.

<u>12-7-2-2023 ബുധൻ</u>
ഇന്ന് നല്ല മഴയായിരുന്നു. മഴ കണ്ടപ്പോൾ വളരെ സന്തോഷമായി.

<u>28-9-2023 വ്യാഴം</u>
രാവിലെ ഞാൻ എഴുന്നേറ്റപ്പോൾ നല്ല മഴായായിരുന്നു. മഴ കണ്ടപ്പോൾ വളരെ സന്തോഷമായി.അമ്മ എനിക്ക് തോണി ഉണ്ടാക്കിതന്നു. മഴ പെയ്തപ്പോൾ മുറ്റത്തെ വെള്ളത്തിൽ ഞാൻ തോണി ഇട്ടു. വെള്ളത്തിലൂടെ തോണി നീങ്ങുന്നത് കണ്ട്. എനിക്ക് എനിക്ക് വളരെ സന്തോഷമായി.

<u>5-10-2023 ഞായർ</u>
ഇന്ന് രാവിലെ എഴുന്നേറ്റു. സുകൂൾ ഇല്ലാത്തത് കൊണ്ട് എന്റെ അനിയത്തിയോടൊപ്പം കളിച്ചു.പിന്നെ വൈകുന്നേരം ബീച്ചിൽ പോയി. വെള്ളത്തിൽ ഇറങ്ങി നല്ല സന്തോഷമായി.

<u>7-10-2023 ബുധൻ</u>
രാവിലെ എഴുന്നേറ്റപ്പോൾ നല്ല മഴയായിരുന്നു. ഇടിയും ഉണ്ടായിരുന്നു. മഴ കണ്ടപ്പോൾ നല്ല സന്തോഷമായി. കുറച്ചുസമയം മഴ കണ്ടു നിന്നു.


<u>1-1-2024 തിങ്കൾ</u>
പുതുവത്സര ദിനത്തിൽ സ്കൂളിൽ കേക്ക് മുറിച്ചു ആഘോഷിച്ചു.ഞങ്ങൾ എല്ലാവരും ഗിഫ്റ്റ് കൈമാറി. എനിക്ക് എന്റെ കൂട്ടുകാരൻ നഥേൻ ബോക്സ് ഗിഫ്റ്റ് തന്നു.

ആദിവ് എസ്.













യവനിക

7-9-2023
ഇന്ന് സ്കൂളിൽ പോയി. സ്കൂളിൽ പരിപാടി ആയിരുന്നു. അതുകൊണ്ട് ഞങ്ങൾ മഞ്ഞക്കുപ്പായം ഇട്ടു കളിപ്പാട്ടങ്ങളുടെ അരികിൽ നിന്ന് ഫോട്ടോ എടുത്തു. വൈകുന്നേരം വീട്ടിൽ വന്നു. പല്ല് പൊരിച്ചു.

17-9-2023
ഇന്ന് രാവിലെ എണീറ്റു. പ്രഭാത കൃത്യങ്ങൾ ചെയ്തു കുളിക്കാൻ പോയി. ഇന്ന് ഏട്ടന്റെ പിറന്നാൾ ആയിരുന്നു. അതുകൊണ്ട് ഞങ്ങൾ എല്ലാവർക്കും മിഠായി കൊടുത്തു.

22-9-2023
ഇന്ന് കളിക്കാൻ പോയി. വീട്ടിൽ വന്നു. മാമിയുടെ വീട്ടിൽ പോയി. വൈകുന്നേരം മാലി പൂച്ചയുടെ കുഞ്ഞുങ്ങളെ കണ്ടു വീട്ടിൽ വന്നു പഠിച്ചു. രാത്രി ഉറങ്ങി.

23-9-2023
ഇന്ന് നല്ല മഴയായിരുന്നു. നല്ല തണുപ്പുണ്ടായിരുന്നു. സ്കൂളിൽ പോയി പഠിച്ചു. വൈകുന്നേരം പരിപാടി കണ്ടു.പിന്നെ വണ്ടി വന്നു. വീട്ടിൽ പോയി. ചോറു തിന്നു. പഠിച്ചു. വിമാനം കണ്ടു. രാത്രി ഉറങ്ങി.

25-9-2023
ഇന്ന് ഞാനും ഏട്ടനും അച്ഛനും മാലയിട്ടു.വീട്ടിൽ വന്നു ഭക്ഷണം കഴിച്ചു. ഉറങ്ങി എണീറ്റു.കുളിച്ചു. ഉച്ചയ്ക്ക് ചോറ് തിന്നു.വൈകുന്നേരം കുളിച്ചു.പഠിച്ചു. ചോറു തിന്നു. ഏട്ടനും ഞാനും കളിച്ചു.രാത്രി ഉറങ്ങി.

9-10-2023
ഇന്ന് സ്കൂളിൽ പോയി പഠിച്ചു. വൈകുന്നേരം വണ്ടി വന്നു. വീട്ടിൽ എത്തി. അമ്മയുടെ വീട്ടിൽ പൊയി ഇന്ന് അമ്മമ്മയുടെ വീട്ടിൽ പരിപാടി ഉണ്ടായിരുന്നു. എന്റെ ഡാൻസ് ഉണ്ടായിരുന്നു. വീട്ടിൽ വന്നു ചായ കുടിച്ചു. പഠിച്ചു. വീട്ടിൽ വന്നു. കുളിച്ചു. രാത്രി അമ്മയ്ക്ക് നല്ല പനിയായിരുന്നു. അതുകൊണ്ട് അമ്മ ഉറങ്ങി. ഞങ്ങൾ അച്ഛൻ വരുന്നത് കാത്തിരുന്നു. അച്ഛൻ ഇന്ന് വന്നില്ല. അതുകൊണ്ട് ഞങ്ങൾ കരഞ്ഞു.പിന്നെ കുറച്ചു സമയം കഴിഞ്ഞപ്പോൾ ഞങ്ങൾ ഉറങ്ങി.










ശ്രീദേവ് ചന്ദ്ര

24-10-23 ചൊവ്വ
രാവിലെ എഴുന്നേറ്റ് അമ്പലത്തിൽ പോയി പ്രാർത്ഥിച്ചു. പൂജിച്ച പുസ്തകം വാങ്ങാൻ സ്കൂളിൽ പോയി. ടീച്ചറെ കണ്ടു. തിരികെ അമ്പലത്തിൽ പോയി. അച്ഛമ്മയെ കൂട്ടികൊണ്ടുവന്നു.

27-10-2023 വെള്ളിയാഴ്ച
ഇന്ന് രാവിലെ സ്കൂളിൽ പോയി. ഇന്ന് ഏട്ടൻ ബാലനിധിയുടെ പൈസ ടീച്ചർക്ക് കൊടുത്തു. ചോറുതിന്നു. പഠിച്ചു. വണ്ടി വന്നു. കളിച്ചു. ഇന്ന് അച്ഛൻ പുതിയ വീട്ടില്ക്ക് ചെടി വാങ്ങി അതു നട്ടു.


2-11-2023
ഇന്ന് രാവിലെ നേരത്തെ ഉണർന്നു.ഇന്ന് ഞങ്ങളുടെ പുതിയ ചെടിയിൽ വെള്ള നിറമുള്ള പൂവുണ്ടായി.നല്ല പൂവ്.

29-11-2023 ബുധൻ
ഇന്ന് രാവിലെ 8 മണിക്കുണർന്നു. സ്കൂളിലെത്തി.പഠിച്ചു. ഉച്ചയ്ക്ക് ചിക്കനുണ്ടായിരുന്നു. വീട്ടിലെത്ത്. ഞങ്ങളുടെ പുതിയ വീട്ടിൽ ഇന്ന് ടൈൽ വെച്ചു.


12-12-2023 ചൊവ്വ
ഇന്ന് രാവിലെ 8 മണിക്ക് ഉണർന്നു. പല്ല് തേച്ചു ചായ കുടിച്ചു.ഇന്ന് സ്കൂളിൽ പോയില്ല. കാല് വേദനആയിരുന്നു. ഡോക്ടറെ കാണിച്ചു.


ശ്രീദേവ് ചന്ദ്ര













ധീരവ്

<u>5-10-2023</u>
ഇന്ന് എഴുന്നേറ്റപ്പോൾ എന്റെ വീടിന്റെ മുൻവശത്തെ പറമ്പിൽ കാടു വൃത്തിയാക്കാൻ വന്നു.അവിടെ കുറേ കിളികൾ പറന്നുകളിക്കുന്നുണ്ടായിരുന്നു. നല്ല രസമായിരുന്നു അത് കാണാൻ.

<u>9-10-2023</u>
ഇന്ന് രാവിലെ ഞാൻ സ്കൂളിൽ പോകാൻ നിൽക്കുമ്പോൾ എന്റെ വീടിന്റെ മുൻവശത്ത് രണ്ട് പ്രാവുകൾ പറന്നുവന്നു.
അതിന് ഞാൻ അരിമണി ഇട്ടുകൊടുത്തു.

<u>19-10-2023</u>
ഇന്ന് ഞാൻ സ്കൂളിൽ നിന്ന് വന്നപ്പോൾ വീടിന്റെ പറമ്പിൽ ഒരു മയിലിനെകണ്ടു. അവിടെ ഉള്ളവരെല്ലാം അതിന്റെ ചിത്രം എടുത്തു.


<u>18-11-2023</u>
ഇന്ന് ശനിയാഴ്ച ആയതുകൊണ്ട് ഞാനും അമ്മയും അമ്പലത്തിൽ പോയി.അവിടെ ഭജനഉണ്ടായിരുന്നു. പ്രസാദവും വാങ്ങി മടങ്ങി.


<u>2-10-2023</u>
ഇന്ന് ഞാൻ രാവിലെ എഴുന്നേൽക്കാൻ വൈകി. അതുകൊണ്ട് ജീപ്പിൽ പോകാൻ പറ്റിയില്ല. അച്ഛന്റെ കൂടെയാണ് പോയത്.


ധീരവ്











അഥിരത്

<u>മഴ വന്നു.</u>

അഥിരത്

